# കൊയ്നോനിയ

ചെറുവെട്ടുകാട് ഇടവക വാർത്ത ബുള്ളറ്റിൻ

ഒക്റ്റോബർ നവംബർ ഡിസംബർ 2018

Private circulation only I Book No.11


## ഇടവകയിലെ യൂണിറ്റുകൾ വാർഷികം ആഘോഷിച്ചു



ഇടവകയിലെ ആറു ബി സി സി യൂണിറ്റുകളും സെപ്തംബര് 23 , 26 , 27 , 29, 30 , ഒക്ടോബര് 3 എന്നീ തീയതികളിൽ യൂണിറ്റ് വാർഷികം ആഘോഷിച്ചു. യൂണിറ്റ് അംഗങ്ങൾ ഒന്ന് ചേർന്ന് ദിവ്യബലിയും തുടർന്ന് പൊതുസമ്മേളനവും നടത്തി. പൊതുസമ്മേളനത്തിൽ യൂണിറ്റിന്റെ കഴിഞ്ഞ ഒരു വർഷത്തെ റിപ്പോർട്ട് അവതരിപ്പിച്ചു . ഇടവക വികാരി ജോസ് ദിലീപ് അച്ചൻ വാർഷികാഘോഷങ്ങൾ ഉൽഘാടനം ചെയ്യുകയും കോർഡിനേറ്റർ , വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവർ ആശംസകൾ അർപ്പിക്കുകയും ചെയ്തു. ഇടവക ഹാളിൽ വച്ച് നടന്ന ആഘോഷങ്ങൾക്കു അവസാനം സ്നേഹവിരുന്നും ഉണ്ടായിരുന്നു .

## ജപമാല മാസം ആചരിച്ചു



ഇടവകയിലെ ആറു യൂണിറ്റുകളിലും മാതാവിന്റെ തിരുസ്വരൂപം പ്രതിഷ്ഠിച്ചു ജപമാലയും വണക്ക പ്രാർത്ഥനയും നടത്തുകയുണ്ടായി . എല്ലാ യൂണിറ്റ് അംഗങ്ങളും സജീവമായി പങ്കെടുത്തു . ദേവാലയത്തിൽ ബൾബുകൊണ്ടു ജപമാല ഉണ്ടാക്കി ഇടുകയും ചെയ്തു. ഒക്ടോബര് 31 സമാപനം കുറിച്ചുകൊണ്ട് ദേവാലയ മൈതാനത്തു ജപമാലയും ദേവാലയത്തിനുള്ളിൽ സമാപന പ്രാർത്ഥനയും ആശീർവാദവും ഇടവക വികാരിയുടെ കാർമ്മികത്വത്തിൽ നടത്തുകയുണ്ടായി .

# സകല ആത്മാക്കളുടെ തിരുനാൾ



നവംബർ രണ്ടാം തിയതി ഇടവകയിലെ മരിച്ച വിശ്വാസികളുടെയും തിരുനാൾ ആചരിച്ചു .ദേവാലയത്തിൽ ദിവ്യബലി അർപ്പിക്കുകയും തുടർന്ന് ഇടവക വികാരി ജോസ് ദിലീപ് അച്ചൻ സെമിത്തേരിയിലെ കുഴിമാടങ്ങൾ വെഞ്ചരിക്കുകയും ചെയ്തു.

# യൂണിറ്റുകളിൽ തിരഞ്ഞെടുപ്പ് നടത്തി



നവംബർ പതിനെട്ടിന് ഇടവകയിലെ ആറു ബി സി സി യൂണിറ്റുകളിലും തിരഞ്ഞെടുപ്പ് നടത്തി . ഇടവക ഹാളിൽ പാരിഷ് കൗൺസിൽ അംഗങ്ങളും റിസോഴ്സ് അംഗങ്ങളും ഉൾപ്പെട്ട ഇലക്ഷൻ കമ്മീഷന്റെ നേതൃത്വത്തിലായിരുന്നു തിരഞ്ഞെടുപ്പ് . ഇടവക വികാരി ജോസ് ദിലീപ് അച്ചൻ അതിരൂപത നിയമാവലി വായിക്കുകയും തുടർന്ന് ഓരോ അംഗത്തിന്റെയും ഉത്തരവാദിത്തങ്ങൾ വിശദികരിച്ചതിനു ശേഷമാണ് തിരഞ്ഞെടുപ്പ് നടത്തിയത്.

---

# മാതാവിന്റെ വിമലഹൃദയത്തിൽ യൂണിറ്റുകളെ സമർപ്പിച്ചു



ഒക്ടോബര് ഏഴിന് വല്ലാർപ്പാടത്തു നടന്ന മിഷൻ കോഗ്രസിന്റേയും ബി സി സി കോൺവെൻഷന്റെയും ഒന്നാം വാർഷികം ആചരിച്ചുകൊണ്ടു ഇടവകയിലെ എല്ലാ യൂണിറ്റുകളിലും ഇടവക വികാരിയും കോർഡിനേറ്ററും സെക്രട്ടറിയും സന്ദർശിക്കുകയും ഇടവക വികാരി ചൊല്ലിക്കൊടുത്ത പ്രതിഷ്ഠാജപം യൂണിറ്റ്അംഗങ്ങൾ കത്തിച്ച മെഴുകുതിരി കൈയിലേന്തി ഏറ്റുചൊല്ലുകയും ചെയ്തു.

# ലിറ്റിൽ ബോയിക്ക് ഫ്രണ്ട്സ് ഓഫ് ലിറ്റിൽ ഫ്ളവേഴ്സിന്റെ സഹായം



ഇടവകയിലെ ചാരിറ്റി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്ന ലിറ്റിൽ ബോയ് എന്ന സംഘടനയ്ക്ക് ഇടവകയിലെ യുവതികളുടെ സംഘടനയായ ഫ്രണ്ട്സ് ഓഫ് ലിറ്റിൽ ഫ്ലവർ മൂവായിരം രൂപ സഹായം ഇടവക വികാരിയെ ഏല്പിച്ചു.

# വയോജനദിനം



ഇടവകയിലെ കിടപ്പുരോഗികൾക്കു വയോജനദിനത്തിന്റെ ഭാഗമായി ഫെറോന ടി എസ് എസ് എസിൽനിന്നു ബെഡ്ഷീറ്റ് നൽകുകയുണ്ടായി. ഇതിന്റെ ഭാഗമായി ചർച്ച് ഹാളിൽ വച്ചു നടന്ന യോഗത്തിൽ പ്രായമായവരെ ആദരിക്കുകയും അവർക്കു ഗിഫ്റ്റുകൾ നൽകുകയും ചെയ്തു. . ഫെറോന ടി എസ് എസ് എസ് ഡയറക്ടർ പോൾ അച്ചനും ഇടവക വികാരി ജോസ് ദിലീപ് അച്ചനും ഇടവകയിലെ ടി എസ് എസ് എസ് ഭാരവാഹികളും പാരിഷ് കൗൺസിൽ അംഗങ്ങളും പങ്കെടുക്കുകയുണ്ടായി.

# അതിരൂപതതല ലോഗോസ് ക്വിസ്

സെപ്തംബർ മുപ്പതാം തിയതി അതിരൂപ താതല ലോഗോസ് ക്വിസ് ഇടവകയിൽ നടത്തുകയുണ്ടായി . കുട്ടികളും മുതിർന്നവർക്കുമായി എണ്പത്തിരണ്ടോളം പേർ ലോഗോസ് ക്വിസിൽ പങ്കെടുത്തു.

# ചാരിറ്റി ഡൊണേഷൻ ബോക്സ് വിതരണം ചെയ്തു



ലിറ്റിൽ ബോയിയുടെ ചാരിറ്റി ഡോണെഷൻ ബോക്സ് കടകളിലും സ്ഥാപനങ്ങളിലും വൈകുന്നതിനായി ഇടവക വികാരി ദിലീപ് അച്ചന്റെ സാനിധ്യത്തിൽ ടി എസ് എസ് എസ് ഫെറോന ഡയറക്ടർ പോളച്ചൻ സ്ഥാപന ഉടമകൾക്ക് നൽകികൊണ്ട് ഉൽഘാടനം ചെയ്തു .

# ഫെറോനതല ശിശുദിനാഘോഷം




വലിയതുറ ഫെറോനാതല ശിശുദിനാഘോഷം നമ്മുടെ ദേവാലയ ഹാളിൽ നവംബർ ഇരുപതിന് ആഘോഷിക്കുകയുണ്ടായി ഫെറോനയിലെ നാലു ഇടവകയിലെയും ചൈൽഡ് പാർലമെന്റിലെ കുട്ടികളുടെ നേതൃത്വത്തിൽ പൊതുസമ്മേളനവും കുട്ടികളുടെ കലാപരിപാടികളും നടക്കുകയുണ്ടായി.




**ഗൗതം. ആർ**
**12–11–2011**

# ഭവന നിർമ്മാണ സഹായം



ടി എസ് എസ് എസ് അതിരൂപത കാര്യാലയത്തിൽ നിന്ന് നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്ന ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായുള്ള സാമ്പത്തിക സഹായത്തിന്റെ ആദ്യ ഗഡു നമ്മുടെ ഇടവകയിലെ സെയിന്റ് സെബാസ്റ്റ്യൻ യൂണിറ്റിലെ ആന്റണിയ്ക്കു ഇടവക വികാരി ജോസ് ദിലീപ് അച്ചൻ നൽകുന്നു

# വെട്ടുകാട് ക്രിസ്തുരാജത്വ തിരുനാളിന് സ്വീകരണം



വെട്ടുകാട് ക്രിസ്തുരാജത്വ തിരുനാളിനോടനുബന്ധിച്ചു നടന്ന പ്രദക്ഷിണം നമ്മുടെ ദേവാലയമുന്നിൽകൂടി കടന്നുപോയപ്പോൾ ഇടവകാംഗങ്ങൾ കത്തിച്ച മെഴുകുതിരി കയ്യിലേന്തിക്കൊ ു സ്വീകരിച്ചു. ഇടവക വികാരി ജോസ് ദിലീപ് അച്ചൻ ധൂപാർപ്പണം നടത്തുകയും ക്രിസ്തുരാജ സ്വരൂപത്തിൽ പുഷ്പഹാരം അർപ്പിക്കുകയും ചെയ്തു .

# ടോയിലറ്റ് നിർമ്മാണ സഹായം



ടി എസ് എസ് എസ് കാര്യാലയത്തിൽ നിന്ന് ടോയ്ലറ്റ് നിർമ്മാണത്തിനുള്ള സാമ്പത്തിക സഹായത്തിന്റെ ആദ്യ ഗഡു നമ്മുടെ ഇടവകയിലെ സെയിന്റ് ആന്റണി യൂണിറ്റിലെ രാജു തോമസിന് ഇടവക വികാരി ജോസ് ദിലീപ് അച്ചൻ നൽകുന്നു

Printed by: Parish Priest, St. Sebastian's Church, Cheruvettukad, Trivandrum-7 , Latin Archdiocese Of Trivandrum